ലാസ്റ്റ് ഗ്രേഡ് തസ്തികകളിലെ പി.എസ്.സി റാങ്ക് ലിസ്റ്റ്

(1512)ശ്രീമതി ഗിരിജാ സുരേന്ദ്രൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യ മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശൂർ ജില്ലയിൽ വിവിധ വകുപ്പുകളിലേയ്ക്കുള്ള ലാസ്റ്റ് ഗ്രേഡ് തസ്തികയിലെ പി,.എസ്.സി. റാങ്ക് ലിസ്റ്റിൽനിന്നും നാളിതുവരെ എത്ര പേർക്ക് നിയമനം നൽകിയിട്ടുണ്ട്; ഇതിന്റെ വിശദവിവരം വെളിപ്പെടുത്തുമോ;

(ബി) ഈ ജില്ലയിൽ വിവിധ വകുപ്പുകളിൽ വരുന്ന എല്ലാ ഒഴിവുകളും പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്ത് നിലവിലുള്ള റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തുവാൻ അടിയന്തിരനടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ആകെ 359 പേർക്ക് നിയമനം നൽകിയിട്ടുണ്ട്. ഒ.സി. മെരിറ്റ് ടേണിൽ 156 പേരേയും ബി.സി. ടേബിൾ (റിസർവേഷൻ) 155 പേരേയും എൻ. ജെ.ഡി. ടേബിൾ 48 പേരെയും നിയമനശുപാർശ ചെയ്തിട്ടുണ്ട്.

(ബി) സർക്കാർ സർവ്വീസിൽ ഉണ്ടാകുന്ന എല്ലാ ഒഴിവുകളും യഥാസമയം തന്നെ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യണമെന്ന് എല്ലാ നിയമനാധികാരികൾക്കും സർക്കാർ കർശന നിർദ്ദേശം നല്കിയിട്ടുണ്ട്.

വികലാംഗർക്ക് സ്ഥിരനിയമനം നൽകാൻ നടപടി

(1517)ശ്രീ. ബി. വിജയകുമാർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വാതന്ത്ര്യത്തിന്റെ സുവർണ്ണജൂബിലി വർഷത്തിൽ സംസ്ഥാന സർക്കാരിന്റെ വിവിധ വകുപ്പുകളിലും പൊതുമേഖലാ സ്ഥാപനങ്ങളിലും ജോലി ചെയ്തിരുന്ന താല്ക്കാലിക ജീവനക്കാരായ വികലാംഗർക്ക് സ്ഥിരനിയമനം നൽകിയിട്ടുണ്ടോ;

(ബി) സ്ഥിരനിയമനം നൽകിയവരിൽ ശാരീരിക വൈകല്യമുള്ളവർ, കാഴ്ചയില്ലാത്തവർ, ബധിരർ, മൂകർ എന്നിവർ എത്ര വീതമാണെന്ന് വ്യക്തമാക്കുമോ;

(സി) ഏതു കാലയളവുവരെ ജോലി ചെയ്തിരുന്നവരെയാണ് സ്ഥിരപ്പെടുത്തിയിട്ടുള്ളത്;

(ഡി) പല ഘട്ടങ്ങളിലായി രണ്ടു വർഷത്തിൽ കൂടുതൽ താല്ക്കാലികമായി ജോലി ചെയ്തിട്ടുള്ള അന്ധൻമാരായവരെ സ്ഥിരപ്പെടുത്തുന്ന കാര്യം സർക്കാർ പരിഗണിക്കുമോ?

ഉത്തരം

(എ)-(സി) സ്വാതന്ത്ര്യത്തിന്റെ സുവർണ്ണജൂബിലി വർഷം പ്രമാണിച്ച് 1.1.97-നും 14.8.98-നും ഇടയിൽ സർക്കാർ വകുപ്പുകളിലും പൊതുമേഖലാ സ്ഥാപനങ്ങളിലും ജോലി ചെയ്തിരുന്ന താല്ക്കാലിക വികലാംഗ ജീവനക്കാരെ സർവ്വീസിൽ സ്ഥിരപ്പെടുത്തിക്കൊണ്ട് 13.10.99-ൽ പുറപ്പെടുവിച്ച ജി.ഒ (പി)18/99/പി.ആന്റ്എ.ആർ.ഡി. ഉത്തരവ് ഹൈക്കോടതി സ്റ്റേ ചെയ്തിരിക്കയാണ്. ഇക്കാര്യത്തിൽ സ്റ്റേ ഉത്തരവ് വെക്കേറ്റ് ചെയ്യുന്ന മുറയ്ക്കുമാത്രമേ അനന്തര നടപടി സ്വീകരിക്കാൻ നിർവ്വാഹമുള്ളൂ. സ്റ്റേ വെക്കേറ്റ് ചെയ്യുന്നതിന്

LIBRARY ARCHIVES Kerala Legislative Assembly